കേരള യൂണിവേഴ്സിറ്റി ജീവനക്കാരുടെ ക്രെഡിറ്റ് കാർഡ് നൽകുവാൻ നടപടി

131 (1269) ശ്രീ. എം. കെ. മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിലെ നോൺഗസറ്റഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക സംബന്ധിച്ചുള്ള ക്രെഡിറ്റ് കാർഡ് ഏത് കാലയളവുവരെയുള്ളത് വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ബി) കേരള യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് വിതരണത്തിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) 1995-96 വരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കമ്പ്യൂട്ടർ സഹായത്തോടെ ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്ന ജോലി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റിയിലെ ജീവനക്കാരുടെ ശമ്പളകുടിശ്ശിക

132 (1270) ശ്രീ. എം. കെ. മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശികയും ഡി.എ. കുടിശ്ശികയും പി.എഫ്-ൽ നിക്ഷേപിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എങ്കിൽ എപ്പോൾ നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ; കേരള യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള കുടിശ്ശികയും ഡി.എ. കുടിശ്ശികയും പി.എഫ്-ൽ നിക്ഷേപിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരള യൂണിവേഴ്സിറ്റിയിൽ ജീവനക്കാരുടെ കുടിശ്ശിക ഇനത്തിലുള്ള തുകകൾ പി.എഫ്-ൽ ലയിപ്പിക്കുമ്പോൾ അത് ജീവനക്കാരെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) കാലാകാലങ്ങളിൽ നിക്ഷേപിച്ചു വരുന്നതായി സർവകലാശാല അറിയിച്ചിട്ടുണ്ട്. ഇതിന് കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഓരോ വർഷവും വരിക്കാർക്ക് പി.എഫ്. ക്രെഡിറ്റ്കാർഡ് കൊടുക്കുന്ന സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly